"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോഴിക്കോട് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എൽ.ഡി. ക്ലർക്കായി ജോലി ചെയ്യുന്ന ശ്രീ. വിപിൻ സി എസിന്റെ അഞ്ച് വർഷത്തിന് മുൻപുള്ള റെഗുലർ സാലറി പ്രോസസ്സ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.899/2024/HEDN തീയതി,തിരുവനന്തപുരം, 22-07-2024

---

പരാമർശം:- 1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13.11.2023, 27.05.2024, 09.07.2024 തീയതികളിലെ C5/17618/2023/DCE

**ഉത്തരവ്**

15.05.2006 മുതൽ 28.03.2016 വരെ വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കുകയും 15.04.2016 ന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ എൽ ഡി ക്ലർക്കായി ജോലിയിൽ പ്രവേശിക്കുകയും ചെയ്ത ശ്രീ. വിപിൻ. സി. എസ് - ന് അഞ്ച് വർഷത്തിന് മുൻപുള്ള റെഗുലർ സാലറി പ്രോസസ്സ് ചെയ്യുന്നതിന് പരാമർശം പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അനുമതി നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് എന്ന വ്യവസ്ഥയിൽ ശ്രീ. വിപിൻ. സി. എസ് - ന് ലഭിക്കേണ്ട ശമ്പള കുടിശ്ശിക മാറി നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 56 (എ) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജിമോൾ കെ ചാക്കോ**

**അണ്ടർ സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
4. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി (F1/241/2023-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Asoka Kumari. L
Date: 22-07-2024 16:24:24

സെക്ഷൻ ഓഫീസർ